LIBRARY ARCHIVES Kerala Legislative Assembly

എൻഡോ സൾഫാൻ ദുരിത ബാധിതർ

128 (2961) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ എൻഡോ സൾഫാൻ ദുരിത ബാധിതർക്കായി തയ്യാറാക്കിയ ലിസ്റ്റിൽ അനധികൃതമായി ആരെങ്കിലും ഉൾപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടവരുടെയും ഉൾപ്പെടാത്തവരുടേയും വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ഇത് സംബന്ധിച്ച ലിസ്റ്റ് തയ്യാറാക്കിയത് കൃഷി വകുപ്പല്ലാത്തതിനാൽ വിശദവിവരങ്ങൾ ലഭ്യമല്ല.

ജൈവ വൈപ്പിൻ പദ്ധതി

129 (2962) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ വൈപ്പിൻ പദ്ധതിയിലുൾപ്പെടുത്തിക്കൊണ്ട് വൈപ്പിൻ മണ്ഡലത്തിലെ ഏതെല്ലാം തോടുകളാണ് ആഴം വർദ്ധിപ്പിക്കൽ പ്രവൃത്തികൾക്കായി നിശ്ചയിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികൾക്ക് ഓരോന്നിനും എത്ര തുക വീതം വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ കാലതാമസം എന്തുകൊണ്ടെന്നും വിശദമാക്കാമോ;

(സി) പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ജൈവ വൈപ്പിൻ പദ്ധതിയിലുൾപ്പെടുത്തിക്കൊണ്ട് വൈപ്പിൻ മണ്ഡലത്തിലെ താഴെപ്പറയുന്ന തോടുകളാണ് ആഴം വർദ്ധിപ്പിക്കൽ പദ്ധതിക്കായി നിശ്ചയിച്ചിട്ടുള്ളത്:

1. മീരൻപുഴ, ചാത്തനാട് കായൽ, വരാപ്പുഴ കായൽ
2. വാടയിൽ തോട്
3. കരുത്തല തോട്
4. കുഴുപ്പിള്ളി പുത്തൻതോട്

5. വസ്സേരിതോട്

6. രാമവർമ്മ തോട്

7. വെസ്സായി തോട്

8. പഴങ്ങാട് തോട്

9. അണിയൽതോട്

10. അണിയൽ തോട് -നെടുങ്ങാട് തോട്

മുകളിൽ പറഞ്ഞ പുഴകളുടെയും തോടുകളുടെയും ആഴം വർദ്ധിപ്പിക്കുന്നതിന് 3691.78 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾ 10 ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ഇതിൽ 1, 9, 10 എന്നീ ഭാഗങ്ങൾക്ക് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ബാക്കിയുള്ള 7 ഭാഗങ്ങളും ടെണ്ടർ ചെയ്തിട്ടുണ്ട്.

(സി) ഏപ്രിൽ 14 വരെ ചെമ്മീൻകെട്ട് ഉള്ളതിനാൽ അതിനുശേഷം പണികൾ ആരംഭിക്കുന്നതാണ്.

നിറവ് പദ്ധതി

130 (2964) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന നിറവ് പദ്ധതി ഏത് ഘട്ടം വരെയെത്തിയെന്നും പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോയെന്നും വെളിപ്പെടുത്തുമോ;

(ബി) നിറവ് പദ്ധതി പ്രകാരം പ്രസ്തുത നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും എത്ര തുക വീതമാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) നിറവ് പദ്ധതി പൂർത്തീകരിക്കാനുള്ള കാലയളവ് എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2013-14 വർഷം നിറവ് പദ്ധതി നടപ്പിലാക്കുവാൻ തിരഞ്ഞെടുത്ത നിയോജകമണ്ഡലങ്ങളിൽ ഒന്നാണ് വൈക്കം. പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) നിറവ് പദ്ധതിക്ക് മാത്രമായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. തെരഞ്ഞെടുത്ത നിയോജകമണ്ഡലത്തിന്റെ വികസനത്തിനുവേണ്ടി സമർപ്പിക്കപ്പെടുന്ന പദ്ധതികൾ കൃഷിവകുപ്പിന്റെ സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് നിറവ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നത്.

(സി) ഒരു സാമ്പത്തിക വർഷം

LIBRARY ARCHIVES Kerala Legislative Assembly